# വർത്തമാന സമയത്തിന്റെ ആവശ്യകതയാണ് - പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ വായുമണ്ഡലം ഉണ്ടാക്കുക

ഇന്ന് സ്നേഹ സാഗരനായ ബാബ സ്നേഹത്തിൽ മുഴുകിയിരിക്കുന്ന സ്നേഹി കുട്ടികളെയാണ് കണ്ടു കൊണ്ടിരിക്കുന്നത്. ഈ ഈശ്വരീയ സ്നേഹം താങ്കൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും തന്നെ പ്രാപ്തമാകില്ല. താങ്കൾക്കെല്ലാവർക്കും ഈ വിശേഷ പ്രാപ്തിയുണ്ട്. എല്ലാ കുട്ടികൾക്കും പ്രാപ്തിയുണ്ട് എന്നാൽ ഒന്നാമത്തെ സ്ഥിതി പ്രാപ്തി ഉണ്ടാകുക എന്നതാണ്, രണ്ടാമത്തെ സ്ഥിതി പ്രാപ്തിയുടെ അനുഭൂതിയിൽ മുഴുകുക. ആദ്യത്തെ കാര്യം പ്രാപ്തിയുടെ ലഹരിയിൽ എല്ലാവരും പറയുന്നു, നമുക്ക് ബാബയുടെ സ്നേഹം ലഭിച്ചിട്ടുണ്ട്. ബാബയെ ലഭിച്ചു അർത്ഥം സ്നേഹം ലഭിച്ചു. എല്ലാവരുടെയും വായിൽ നിന്നും വീഴുന്നുണ്ട് എന്റെ ബാബ. അപ്പോൾ ആദ്യത്തെ സ്ഥിതിയിൽ എല്ലാവർക്കും പ്രാപ്തിയുണ്ട്. എന്നാൽ സദാ അനുഭൂതിയിൽ മുഴുകുന്ന കാര്യത്തിൽ നമ്പർവൈസാണ്. ആരാണോ പരമാത്മാ പ്രേമത്തിൽ മുഴുകിയിരിക്കുന്നത്, അവരെ ഈ പ്രേമത്തിൽ നിന്നും ആർക്കും അകറ്റുവാൻ സാധിക്കില്ല. പരമാത്മാ പ്രേമത്തിൽ മുഴുകിയിരിക്കുന്ന ആത്മാക്കളുടെ തിളക്കവും ലഹരിയും, അനുഭൂതിയുടെ കിരണങ്ങളും ഇത്രയും ശക്തിശാലിയാണ്, ഇവരുടെ സമീപത്തേക്ക് പോലും മായക്ക് വരാൻ സാധിക്കില്ല എന്നതിനു പുറമേ ഇവരുടെ നേർക്ക് കണ്ണെടുത്ത് നോക്കാൻ പോലും സാധിക്കില്ല. ഇങ്ങനെയൊരു അനുഭൂതി സദാ ഉണ്ടെങ്കിൽ ഒരിക്കലും ഏതൊരു പ്രകാരത്തിലുള്ള പ്രയത്നവും ഉണ്ടാകുകയില്ല. ഇപ്പോൾ യോഗത്തിൽ കന്നെ യുദ്ധവും ചെയ്യേണ്ടതായി വരുന്നു. യോഗത്തിൽ ഇരിക്കുന്നുണ്ടെങ്കിലും അനുഭൂതിയിൽ മുഴുകിയിരിക്കാത്തതിനാൽ ഇടയ്ക്ക് യോഗം ഇടയ്ക്ക് യുദ്ധം രണ്ടും നടക്കുന്നു. ഞാൻ ബാബയുടേതാണെന്ന് ഇടയ്ക്കിടെ സ്മൃതിയിലേക്ക് കൊണ്ടു വരേണ്ടി വരുന്നു. ഇടയ്ക്കിടെ സ്മൃതിയിലേക്ക് കൊണ്ടു വരിക എന്നുള്ളത് വിസ്മൃതിയാണ്. അതുകൊണ്ടല്ലേ ഇടയ്ക്കിടെ സ്മൃതിയിലേക്ക് കൊണ്ടു വരാൻ പ്രയത്നിക്കുന്നത്. ഈ സ്മൃതിയുടെയും വിസ്മൃതിയുടെയും യുദ്ധം ഇവരെ ലൗലീൻ അനുഭൂതിയിലേക്ക് കൊണ്ടു വരില്ല. വർത്തമാന സമയത്ത് കുട്ടികൾക്ക് യുദ്ധത്തിന്റെയും പ്രയത്നത്തിന്റെയും അനുഭവം ചെയ്യേണ്ടി വരുന്നുണ്ടല്ലോ അത് വ്യർത്ഥത്തിന്റെയും സമർത്ഥതയുടെയും യുദ്ധമാണ് കൂടുതലും നടക്കുന്നത്. ചില കുട്ടികളിൽ വ്യർത്ഥം കാണുന്നതിന്റെ സംസ്കാരം സ്വാഭാവിക സ്വഭാവമായി മാറി. ചിലരിൽ വ്യർത്ഥം ചിന്തിക്കുന്നതിന്റെ, വ്യർത്ഥം വർണ്ണിക്കുന്നതിന്റെ, ചിലരിൽ ചിന്തിക്കുന്നതിന്റെയും സംസ്കാരം സ്വാഭാവിക സ്വഭാവമായിത്തീർന്നു, അവർക്ക് ഞങ്ങൾ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാതെയാണ് ചെയ്യുന്നത്. അഥവാ ആരെങ്കിലും സൂചന നൽകുകയാണെങ്കിലും മായയുടെ വിവേകം പ്രവർത്തിക്കുന്നതിനാൽ സ്വയത്തെ വളരെയധികം വിവേകശാലി എന്നു മനസ്സിലാക്കുന്നു. ഇത് മായയുടെ വിവേകമാണ് പ്രവർത്തിക്കുന്നത് അഥവാ അലസതയിലേക്ക് വരുന്നു - ഇങ്ങനെയെല്ലാം സംഭവിക്കുക തന്നെ ചെയ്യും, ഉണ്ടാവുക തന്നെ ചെയ്യും... മായയുടെ വിവേകമാണ് എങ്കിൽ ശരിയെയും തെറ്റാണെന്നു മനസ്സിലാക്കുന്നു. യഥാർത്ഥത്തിൽ മായയുടെ വിവേകമാണ് എന്നാൽ മനസ്സിലാക്കുന്നത്, എന്നെപ്പോലെ ജ്ഞാനീ, യോഗി, സേവാധാരി മറ്റാരും തന്നെയില്ല എന്നാണ്. എന്തുകൊണ്ടന്നാൽ ആ സമയത്ത് മായയുടെ നിഴൽ മനസ്സിനെയും ബുദ്ധിയെയും വശപ്പെടുത്തി യഥാർത്ഥ നിർണ്ണയമെടുക്കുവാൻ സമ്മതിക്കില്ല. മായാവി യോഗിയും ജ്ഞാനിയുമാണെന്ന് മനസ്സിലാക്കി ഈശ്വരീയ വിവേകത്തിൽ നിന്നും സ്വയത്തെ അകറ്റി നിർത്തുന്നു. മായയുടെ വിവേകവും ഒട്ടും കുറവൊന്നുമല്ല. മായയുമായി യോഗം വെക്കുന്നവരും അചഞ്ചലവും ദൃഢവുമായ യോഗിയാണ്, അതിനാൽ വ്യത്യാസം മനസ്സിലാവുകയില്ല. മായയിൽ വശപ്പെട്ടാലുള്ള വാക്കുകളും ലഹരിയും എല്ലാവർക്കും അറിയാമല്ലോ എത്ര ലഹരിയോടെയാണ് പറയുന്നതെന്ന്. അതിനാൽ സദാ ബാപ്ദാദ കുട്ടികളോട് പറയുന്നു, സദാ പ്രാപ്തികളുടെ അനുഭൂതിയുടെ സാഗരത്തിൽ മുഴുകിയിരിക്കൂ. സാഗരത്തിലേക്ക് മുഴുകുക അർത്ഥം സാഗര സമാനം പരിധിയില്ലാത്ത പ്രാപ്തിയുടെ സ്വരൂപമായി മാറി കർമ്മത്തിലേക്ക് വരിക.

ബാപ്ദാദ നാനാവശത്തുമുള്ള കുട്ടികളുടെ ചാർട്ട് പരിശോധിച്ചു. അപ്പോൾ എന്താണ് കണ്ടത്? സമയത്തിന്റെ സമീപതയ്ക്കനുസരിച്ച് വർത്തമാന സമയത്തെ വായുമണ്ഡലത്തിൽ പരിധിയില്ലാത്ത വൈരാഗ്യം പ്രത്യക്ഷ സ്വരൂപത്തിലേക്ക് വരേണ്ടത് അത്യാവശ്യമാണ്. പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയെക്കുറിച്ച് വർണ്ണിക്കുന്നുമുണ്ട്, പോയിന്റ്സ് ധാരാളം എടുക്കുന്നുണ്ട്. പ്രഭാഷണവും വളരെ നല്ല രീതിയിൽ നടത്താറുണ്ട്. എല്ലാവരുടെ പക്കലും പോയിന്റുകളുണ്ടല്ലോ. പോയിന്റുകൾ വർണ്ണിക്കുന്നതിലും ചിന്തിക്കുന്നതിലും ഭൂരിപക്ഷം പേരും പാസ്സാണ്. ഈ ചെറിയ-ചെറിയ കുമാരിമാർക്കു പോലും പ്രഭാഷണം തയ്യാറാക്കി കൊടുക്കുകയാണെങ്കിൽ അവർ ചെയ്തോളും. യഥാർത്ഥ വൈരാഗ്യ വൃത്തിയുടെ സഹജമായ അർത്ഥമാണ്, ആത്മാക്കളുമായുള്ള സമ്പർക്കത്തിലേക്ക് വന്നാലും സാധനങ്ങളുമായുള്ള

സംബന്ധത്തിലേക്ക് വന്നാലും സേവനത്തിന്റെ അവസരം നേടാനുള്ള ചാൻസലറായി മാറാനുള്ള ഭാഗ്യം ലഭിച്ചാലും, സർവ്വരുമായുള്ള സംബന്ധ സമ്പർക്കത്തിൽ സ്നേഹിയുടെയും നിർമ്മോഹിയുടെയും ബാലൻസുണ്ടായിരിക്കണം. പക്ഷേ സംഭവിക്കുന്നതെന്താണ് ? ചിലപ്പോൾ നിർമ്മോഹി സ്ഥിതിയുടെ ശതമാനം വർദ്ധിക്കുന്നു, ഇടയ്ക്ക് സ്നേഹി അവസ്ഥയുടെ ശതമാനവും വർദ്ധിക്കുന്നു. സ്നേഹി അവസ്ഥയുടെ അർത്ഥം തന്നെ നിമിത്ത ഭാവമാണ്, വിനയ ഭാവമാണ്. എന്നാൽ ഇതിനു പകരം എന്റേത് എന്ന ഭാരം വർദ്ധിക്കുന്നു. ഇത് എന്റെ തന്നെ ജോലിയാണ്, എന്റെ സ്ഥാനമാണ്. എനിക്കാണ് സർവ്വ സാധനങ്ങളും ഭാഗ്യമനുസരിച്ച് ലഭിച്ചിരിക്കുന്നത്. ഇത്രയും പ്രയത്നത്തിലൂടെയാണ് ഞാൻ ഈ സേവാ സ്ഥാനം, സാധനം, സേവാധാരികൾ ഇവയെ എല്ലാം ഉണ്ടാക്കിയത്. ഇത് എന്റേതാണ്, എന്താ എന്റെ പ്രയത്നത്തിന് യാതൊരു വിലയുമില്ലേ... നിമിത്ത ഭാവവും എന്റേതെന്ന ഭാവത്തിനും വ്യത്യാസമുണ്ടോ അതോ ഒന്നു തന്നെയാണോ? ഈ എന്റേതെന്ന ഭാവം രാജകീയ രൂപത്തിൽ വർദ്ധിച്ചു കഴിഞ്ഞു. ഇത് എന്റേതെന്ന രാജകീയ ഭാഷയാണ്. രാജകീയ സങ്കല്പങ്ങളും ബാപ്ദാദയുമായുള്ള ആത്മീയ സംഭാഷണത്തിൽ ബാപ്ദാദ ഒരുപാട് കേൾക്കുന്നുണ്ട്. വളരെ സ്നേഹത്തോടെ ബാബയുടെയും നിമിത്താത്മാക്കളുടെയും അംഗീകാരം നേടാൻ പരിശ്രമിക്കുന്നുണ്ട്. ബാബാ അങ്ങ് തന്നെ ഞങ്ങളെ ഈ കാര്യത്തിൽ സഹായിക്കണം. എന്റെ ജോലിയോ ഉത്തരവാദിത്വമോ അല്ലല്ലോ, എനിക്കുള്ള അധികാരം എനിക്കു തന്നെ ലഭിക്കണം. ബാബയ്ക്കും ജ്ഞാനം നൽകുന്ന കാര്യത്തിൽ മിടുക്കരാണ്. എന്നാൽ ബാപ്ദാദ പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നു. നിമിത്തമായ ഭാവമുണ്ട് എങ്കിൽ എന്ത് ലഭിച്ചുവോ എങ്ങനെ ലഭിച്ചുവോ എവിടെ ഇരുത്തുന്നുവോ എന്ത് കഴിപ്പിക്കുന്നുവോ എന്താണ് ചെയ്യിപ്പിക്കുന്നത് അതു മാത്രമേ ചെയ്യൂ. ഇതാണല്ലോ ഏറ്റവുമാദ്യത്തെ പ്രതിജ്ഞ. പ്രതിജ്ഞ ചെയ്തിട്ടില്ലേ? ഇതു തന്നെയല്ലേ പ്രതിജ്ഞ അതോ കേവലം ഭക്ഷണ-പാനീയത്തിന്റെ കാര്യത്തിൽ മാത്രമാണോ ഈ പ്രതിജ്ഞയുള്ളത്. എന്റേതെന്ന ഭാവത്തിന്റെ വൈരാഗ്യം തന്നെയാണ് പരിധിയില്ലാത്ത വൈരാഗ്യം. പുതിയ പുതിയ പ്രകാരത്തിലുള്ള എന്റേത് വീണ്ടും ഉടലെടുക്കുന്നു. മായ വർത്തമാന സമയത്ത് പുതിയ പ്രകാരത്തിലുള്ള എന്റേത് എന്നതിന്റെ നിഴൽ പതിക്കുകയാണ്. അതിനാൽ സമയത്തിന്റെ സമീപത പ്രത്യക്ഷ രൂപത്തിലേക്ക് വരുന്നില്ല. ജ്ഞാനികൾക്കാണെങ്കിലും അജ്ഞാനികൾക്കാണെങ്കിലും അറിയാം ലോകത്തിലെ അവസ്ഥ വളരെയധികം മോശമാണെന്ന്, ഈ ലോകം എവിടെ വരെ പോകും, എത്രത്തോളം പോകും.. എന്നിട്ടും ലോകം മുന്നോട്ട് പോകുന്നുണ്ട്. സമയത്തിന്റെ സമീപതയുടെ അടിത്തറയാണ് പരിധിയില്ലാത്ത വൈരാഗ്യ വൃത്തി. ബാപ്ദാദ പരിശോധിച്ചു പരിധിയില്ലാത്ത വൈരാഗ്യ വൃത്തിക്കു പകരം പുതിയ പുതിയ പ്രകാരത്തിലുള്ള ചെറിയ ചെറിയ മമത്വത്തിന്റെ വിസ്താരവും വളരെയധികം വലുതാണ്. ഈ വിസ്താരമാണ് സാരത്തെ ഒളിപ്പിച്ചത്. മനസ്സിലായോ, ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്ന്?

ഈ മമത്വം വളരെ നല്ലതായി തോന്നും. ഒന്ന് രണ്ട് തവണ അതിന്റെ രുചി മനസ്സിലാക്കിയാൽ പിന്നീട് അത് രുചിച്ചു കൊണ്ടിരിക്കുന്നു. സേവനം ചെയ്യുന്നത് വളരെ നല്ലതാണ്, എന്നാൽ പരിശോധിക്കൂ, നിമിത്ത ഭാവമാണോ മമതയുടെ ഭാവമാണോ? ബാബാ ബാബാ എന്നതിനു പകരം എന്റേത് എന്ന് വരുന്നില്ലല്ലോ. അംഗീകരിക്കുന്നത് നിന്റേതെന്നാണ് എന്നാൽ ആയിത്തീരുന്നത് എന്റേതാണ്. ഇപ്പോൾ എന്തു ചെയ്യും? എന്റേത് എന്നത് ഇഷ്ടമാണോ? ബാപ്ദാദ ആദ്യമേ തന്നെ കേൾപ്പിച്ചു, ഒരു വളരെ വലിയ തെറ്റു ചെയ്യുന്നു, അഥവാ മുന്നോട്ടു പോകവേ സംഭവിച്ചു പോകുന്നു, ചെയ്യാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ സംഭവിച്ചു പോകുന്നു, അത് എന്താണ്? മറ്റുള്ളവരുടെ ജഡ്ജായിത്തീരുന്നു (ന്യായാധിപൻ). തന്റെ വക്കീലാകുന്നു. തന്റെ ജഡ്ജായാണ് മാറേണ്ടത് എന്നാൽ മറ്റുള്ളവരുടേതാകുന്നു. ഇവർക്ക് ഇത് ചെയ്യാൻ പാടില്ലായിരുന്നു, ഇവർക്ക് പരിവർത്തനപ്പെടണം. സ്വയം തന്നെ പ്രതി പറയുന്നു, ഇത് വളരെയധികം ശരിയാണെന്ന്. ഞാൻ എന്താണോ പറയുന്നത് അത് വളരെ ശരിയാണ്. വക്കീലന്മാരും തെളിയിക്കുവാൻ പരിശ്രമിക്കാറില്ലേ. അസത്യത്തെ സത്യമാണെന്ന് തെളിയിക്കാറില്ലേ. സത്യത്തെ അസത്യമായും തെളിയിക്കാറുണ്ട്. എത്ര തെളിവ് നൽകുവാനും വക്കീലന്മാർക്ക് സാധിക്കുന്നുവോ അത്രയും തെളിവ് നൽകുവാൻ മറ്റാർക്കും സാധിക്കില്ല. മറ്റുള്ളവരെ ചൂണ്ടി കാണിക്കുവാൻ എളുപ്പമാണ്. എന്നാൽ സ്വയത്തെ പരിവർത്തനപ്പെടുത്തുക. സ്ലോഗനുണ്ടല്ലോ സ്വ പരിവർത്തനത്തിലൂടെയാണ് വിശ്വ പരിവർത്തനം. ആദ്യം സ്വയം - എന്താണ് ചാർട്ടിൽ കണ്ടെതെന്ന് മനസ്സിലായില്ലേ.

ബാപ്ദാദയും മായയുടെ കളി കണ്ട് പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നു - മായ എത്ര സമർത്ഥനാണ്. മാസ്റ്റർ സർവ്വശക്തരായ ആത്മാക്കളെപ്പോലും തന്റേതാക്കി മാറ്റുന്നു. ഇപ്പോൾ എന്താണ് ആവശ്യം? പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ വായുമണ്ഡലം ഉണ്ടാക്കൂ. സേവനത്തിന്റെ വായുമണ്ഡലം ഉണ്ടാക്കുന്നതു പോലെ പ്രോഗ്രാം ഉണ്ടാക്കുന്നതു പോലെ, കേവലം ബുദ്ധി വരെയുള്ള മനോഭാവമല്ല, ഹൃദയം വരെയ്ക്ക് എത്തിച്ചേരണം. എല്ലാവരുടെയും ബുദ്ധിയിലുണ്ട്, ഇങ്ങനെ സംഭവിക്കണം ചെയ്യണം എന്നൊക്കെ. എന്നാൽ ഹൃദയത്തിലേക്ക് ഈയൊരു അലകൾ ഉത്പന്നമാകുന്നതിന്റെ ആവശ്യകതയുണ്ട്. മനസ്സിലായോ? എല്ലാവർക്കും നല്ല രീതിയിൽ മനസ്സിലായോ? അതോ ഇപ്പോൾ മനസ്സിലായി എന്ന് പറഞ്ഞ്

പിന്നീട് ഇവിടുന്ന് എഴുന്നേറ്റതിനു ശേഷം ചിന്തിക്കുമോ എങ്ങനെ സംഭവിക്കും, എന്ത് സംഭവിക്കുമെന്ന് ഇത് ചെയ്യാൻ ബുദ്ധിമുട്ടാണ്, കേൾക്കാനും പറയാനും എളുപ്പമാണ്, എന്നാൽ ചെയ്യാനാണ് എല്ലാവർക്കും ബുദ്ധിമുട്ട്. ഇപ്പോൾ അങ്ങനെ പറയില്ലല്ലോ.

സ്നേഹത്തിൽ ലയിച്ചാണ് താങ്കളും എത്തിച്ചേർന്നത്, ബാപ്ദാദയും എത്തിച്ചേർന്നത്. എത്ര ശക്തിയാണ് സ്നേഹത്തിനുളളത്. സ്നേഹം അവ്യക്തത്തെ വ്യക്തത്തിലേക്ക് കൊണ്ടു വരുന്നു. താങ്കൾ എല്ലാവരെയും മധുബനിലേക്ക് കൊണ്ടു വന്നില്ലേ. എല്ലാവരും സ്നേഹത്തിൽ ലയിച്ചല്ലേ ശരിയായ രീതിയിൽ എത്തിച്ചേർന്നത്. ആരാണ് കൊണ്ടു വന്നത്? ട്രെയിനാണോ അതോ സ്നേഹമാണോ നിങ്ങളെ ഇവിടെക്ക് കൊണ്ടു വന്നത്. എവിടെ സ്നേഹമുണ്ടോ അവിടെ പ്രയത്നം പ്രയത്നമായി തോന്നില്ല, ബുദ്ധിമുട്ട് അനുഭവപ്പെടില്ല. മൂന്നടി മണ്ണിനു പകരം രണ്ടടി മണ്ണ് ലഭിക്കുകയാണെങ്കിലും എന്ത് തോന്നും? സത്യയുഗത്തിലുളള പരവതാനിയെക്കാളും ശ്രേഷ്ഠമാണ്. എല്ലാവരും ഇവിടെ വിശ്രമത്തോടെയല്ലേ ഇരിക്കുന്നത്, അതോ ബുദ്ധിമുട്ടിയാണോ? എന്തു ചെയ്യും ഇരുന്നല്ലേ മതിയാകൂ എന്ന് ചിന്തിക്കുന്നുണ്ടോ? ഭക്തി മാർഗ്ഗത്തിൽ കാലുകൾ വെക്കാൻ തന്നെ ഇത്രയും ബുദ്ധിമുട്ടുന്നു. താങ്കൾക്ക് ഉറങ്ങാനായി മൂന്നടിയല്ലെങ്കിലും രണ്ടടി മണ്ണെങ്കിലും ലഭിക്കുന്നില്ലേ. താങ്കൾ ചരണങ്ങളിൽ അഭയം നൽകുവാനല്ലേ യാചിച്ചത്. എന്നാൽ ബാബ ചരണങ്ങൾക്കു പകരം പട്ടറാണിയാക്കിയാണ് മാറ്റിയത്. എന്നാലും മധുബന്റെ അങ്കണമല്ലേ. എവിടെ കിടന്ന് ഉറങ്ങിയാലും മധുബനിലാണല്ലോ. ഇത്രയും ബാബയുടെ സമീപത്തേക്ക് വരാനുളള അധികാരം ലഭിക്കുമെന്നുളളത് സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ലല്ലോ. എല്ലാവരും സന്തുഷ്ടരല്ലേ. രണ്ടടി മണ്ണിനു പകരം ഒരടി മണ്ണ് ലഭിക്കുകയാണെങ്കിലും പ്രീതിയോടെ ഇരിക്കില്ലേ. ഇരുന്നിരുന്ന് ഉറങ്ങുമല്ലോ. പലർക്കും ഇരുന്ന് ഉറങ്ങാൻ നല്ല രീതിയിൽ അറിയാം. കിടന്നുറങ്ങിയാൽ ചിലപ്പോൾ ഉറക്കം വരണം എന്നില്ല. യോഗത്തിൽ ഇരുന്നാൽ ഉറങ്ങാൻ ആരംഭിക്കുന്നു. അഞ്ച് ദിവസം അഖണ്ഡ തപസ്സ് ചെയ്യാൻ പറഞ്ഞാൽ എല്ലാവരും തയ്യാറാണോ? ഭക്ഷണം ലഭിച്ചില്ലെങ്കിലും തയ്യാറാണോ? അതോ ഇത് പറ്റില്ലെന്ന് മനസ്സിലാക്കുന്നുണ്ടോ? നിങ്ങളുടെ വീടുകളിൽ കഴിക്കാത്ത വസ്തുക്കളാണ് നിങ്ങൾക്ക് ഇവിടെ മധുബനിൽ ലഭിക്കുന്നത്. എന്നാൽ എവർ റെഡിയായിരിക്കണം. ലഭിച്ചാൽ നല്ലത്, ലഭിച്ചില്ലെങ്കിൽ അതിനേക്കാളും നല്ലത്, എന്തുകൊണ്ടെന്നാൽ അമൃതവേളയിൽ എല്ലാവർക്കും ദിൽഖുഷ് മിഠായി ലഭിക്കുന്നുണ്ടല്ലോ, മുഴുവൻ ദിവസവും എല്ലാവർക്കും സന്തോഷത്തിന്റെ ടോണിക്കും ലഭിക്കുന്നുണ്ട്. ഭക്ഷണമില്ലാതെ ഇതിൽ മാത്രം മുന്നേറാൻ സാധിക്കുമോ? ഇതിന്റെ ട്രയൽ നടത്താം.. ശരി

നാനാവശത്തുമുളള സർവ്വ ശ്രേഷ്ഠരായ ഭാഗ്യശാലി ആത്മാക്കൾക്ക് സദാ സർവ്വ പ്രാപ്തികളുടെ അനുഭൂതിയിൽ ലയിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ തിരിച്ചറിയാനും നിർണ്ണയിക്കുവാനുമുളള ശക്തിയെ തീവ്രമാക്കുന്ന സമീപ ആത്മാക്കൾക്ക് സദാ സേവനത്തിൽ സമർത്ഥരായി മറ്റുളളവരെയും സമർത്ഥരാക്കി മാറ്റുന്ന നിമിത്തമായ ആത്മാക്കൾക്ക്, സദാ സ്നേഹിയും വേറിട്ടതും രണ്ടിന്റെയും ബാലൻസ് വെക്കുന്ന ആശീർവ്വാദത്തിനു പാത്രമായ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്കാരവും.

ടീച്ചേഴ്സിനോടൊപ്പം – ടീച്ചേഴ്സിന്റെ ടൈറ്റിൽ പോലെ വിശേഷിച്ചും പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ വായുമണ്ഡലം ഉണ്ടാക്കുന്നതിൽ ടൈറ്റായിരിക്കണം. ഭാരരഹിതമാകരുത്, എന്തുകൊണ്ടെന്നാൽ നിമിത്ത ടീച്ചേഴ്സിന്റെ വായുമണ്ഡലം അനേകരിലേക്ക് എത്തിച്ചേരുന്നുണ്ട്. അപ്പോൾ ടീച്ചേഴ്സ് ഈയൊരു അത്ഭുതം ചെയ്ത് കാണിക്കൂ. പരിവർത്തനത്തിന്റെ കാര്യത്തിൽ ആജ്ഞാകാരിയായിത്തീർന്നു. ആജ്ഞാകാരിയാകുന്നതിന്റെ ശരി എന്ന പാഠത്തെ പക്കായാക്കി മാറ്റി. എന്നാൽ രണ്ടാമത്തെ പാഠമാണ് പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ പാഠം. ഇപ്പോൾ ഈയൊരു പാഠം പക്കയാക്കി മാറ്റി കാണിക്കൂ. എന്തു കൊണ്ടെന്നാൽ നിമിത്തമല്ലേ. അപ്പോൾ നിമിത്തമായ ആത്മാക്കളാണ് വിനയമുളളവരായി നിർമ്മാണത്തിന്റെ കാര്യത്തെ വളരെയധികം സഹജമായി ചെയ്തു കാണിക്കാൻ സാധിക്കുക. ഇപ്പോൾ ഈ വർഷം പൂർത്തിയാവുകയാണ്. എന്നാൽ പുതു വർഷത്തിൽ ഈ നവീനതയുടെ തിളക്കം ബാപ്ദാദയും കാണാൻ ആഗ്രഹിക്കുന്നു. സേവനം ചെയ്തു, സെന്റർ തുറന്നു, ധാരാളം പേരെ വർദ്ധിപ്പിച്ചു. ഐ.പി ആളുകളെയും കൊണ്ടു വന്നു, വി.ഐ.പി കളെയും കൊണ്ടു വന്നു ഇതെല്ലാം സംഭവിച്ചു കൊണ്ടിരിക്കും, എന്നാൽ സേവനത്തിൽ പരിധിയില്ലാത്ത വൈരാഗ്യ വൃത്തി മറ്റുളള ആത്മാക്കളെ ഒന്നു കൂടി സമീപത്തേക്ക് കൊണ്ടു വരുന്നു. വായിലൂടെയുളള സേവനം സമ്പർക്കത്തിലേക്ക് കൊണ്ടു വരുന്നു, വൃത്തിയിലൂടെ വായുമണ്ഡലത്തിന്റെ സേവനം സമീപത്തേക്ക് കൊണ്ടുവരുന്നു. മനസ്സിലായോ? ബാപ്ദാദ ചാർട്ട് കാണുന്നുണ്ട്. എന്നാലും സേവനത്തിനു നിമിത്തമല്ലേ, ഈ ഭാഗ്യവും ഒട്ടു കുറവല്ല. ഇതും വിശേഷ സമ്പത്താണ്. ഈ വിശേഷ സമ്പത്തിന്റെ ഭാഗ്യത്തിന്റെ അധികാരിയായി മാറിയല്ലോ മനസ്സിലായോ? ശരി.

ഡബിൾ വിദേശി – (എല്ലാ സേലാസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്നിട്ടുണ്ട്) – ഡബിൾ വിദേശികൾ

സമർത്ഥരാണ്. എങ്ങനെയാണോ എല്ലാ ദേശത്തിലുമുള്ള അംബാസിഡേർസിനെ അയക്കുന്നത്. അപ്പോൾ അന്താരാഷ്ട്രീയ ബ്രാഹ്മണ പരിവാരമല്ലേ. ഡബിൾ വിദേശികളുടെ വിശേഷതയാണ്, സദാ കൈയ്യിൽ കൈ പിടിച്ച് നടക്കുക, സദാ കൂടെ. വിദേശത്തിലെ ഫാഷനല്ലേ സദാ കൈയ്യിൽ കൈ പിടിച്ച് നടക്കുക. ഇപ്പോൾ ആരുടെ കൈ പിടിച്ചാണ് നടക്കുന്നത്? ബാബയുടെതല്ലേ. സദാ ബാബയുടെ കൈയ്യിൽ കൈ പിടിച്ച് നടക്കുന്നവർ. ശ്രീമതമാകുന്ന കൈയ്യാണ്. അപ്പോൾ ശ്രീമത്താകുന്ന കൈയ്യ് സദാ കൂടെയുണ്ട്. പക്കയല്ലേ അതോ ഇടയ്ക്കെ ക്ഷീണിക്കുമ്പോൾ ഉപേക്ഷിക്കുന്നുണ്ടോ? ഇടയ്ക്കെ കൈയ്യ് ഉപേക്ഷിക്കുന്നുണ്ടോ. അതോ മായ വിടുവിക്കുന്നുണ്ടോ? അപ്പോൾ സദാ കൂടെ ഇരിക്കുന്നവരായിരിക്കണം, ശ്രീമതമാകുന്ന കൈയ്യിൽ കൈ നൽകി നടക്കുന്നവരായിരിക്കണം. ആരുടെ കൈയ്യാണോ ബാബയുടെ കൈയ്യിൽ കൊടുത്തിരിക്കുന്നത്, അവർ സദാ നിശ്ചിന്തമായിരിക്കും. നിശ്ചിന്ത ചക്രവർത്തികളായിരിക്കും, എന്തു കൊണ്ടെന്നാൽ കൈയ്യും കൂട്ടും സദാ ഉറപ്പുള്ളതാണ്. ശരിയല്ലേ. നൈറോബിയിലുള്ളവർക്ക് ബാബയുടെ കൈയ്യും കൂട്ടും പക്കായായുണ്ടല്ലോ.. മുഴുവൻ ലോകത്തിലുള്ള അക്ഷൌഹിണി സൈന്യം തന്നെ ഉപേക്ഷിച്ചാലും നിങ്ങൾ ബാബയെ ഉപേക്ഷിക്കുമോ? ലോകത്തിലുള്ള അക്ഷൗഹിണി ശക്തിഹീനമാണ്. താങ്കൾ മാസ്റ്റർ സർവ്വശക്തനാണ്. അതിനാൽ ഡബിൾ വിദേശികൾക്ക് ലഹരിയുണ്ട്. ബാപ്ദാദയുടെ കൈയ്യും കൂട്ടും എക്സ്ട്രാ ഉണ്ട്. ലിഫ്റ്റുണ്ട്. ശരി

## സ്ലോഗൻ – ദിവ്യ ബുദ്ധിയുടെ വരദാനത്തിലൂടെ തന്റെ റെജിസ്റ്ററെ കറയറ്റതാക്കി മാറ്റുന്ന കർമ്മങ്ങളുടെ ഗതിയുടെ ജ്ഞാതാവായി ഭവിക്കട്ടെ.

ബ്രാഹ്മണ ജന്മം എടുത്ത ഉടൻ ഓരോ കുട്ടിക്കും ദിവ്യ ബുദ്ധിയുടെ വരദാനം ലഭിക്കുന്നുണ്ട്. ഈ ദിവ്യ ബുദ്ധിയിൽ ഏതൊരു സമസ്യയുടേതോ, സംഗത്തിന്റെയോ, മന്മതത്തിന്റെയോ പ്രഭാവം പതിയരുത്, അപ്പോൾ റെജിസ്റ്റർ കറയറ്റതാകുന്നു. എന്നാൽ സമയത്തിനനുസരിച്ച് ദിവ്യ ബുദ്ധി ഉപയോഗത്തിലേക്ക് വരുന്നില്ലെങ്കിൽ റെജിസ്റ്ററിൽ കറ പുരളുന്നു. അതിനാലാണ് കർമ്മങ്ങളുടെ ലീല അതി ഗുഹ്യമാണെന്ന് പറയുന്നത്. ലോകത്തിലുള്ളവർ ഓരോ ചുവടിലും കർമ്മത്തിന്റെ ചതിയിൽ പെടുന്നു, എന്നാൽ താങ്കൾ കർമ്മത്തിന്റെ ഗതിയുടെ ജ്ഞാനികളായ കുട്ടികളുടെ ഒരു കർമ്മവും ചതിക്കില്ല. താങ്കൾ പറയുന്നു, ആഹാ എന്റെ ശ്രേഷ്ഠ കർമ്മം.

## സ്ലോഗൻ – പവിത്രതയുടെ ആഭരണം ധാരണ ചെയ്യുന്നതിലൂടെ മാത്രമാണ്, അതീന്ദ്രിയ സുഖത്തിന്റെ അനുഭൂതിയുണ്ടാകൂ.